**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2182** **12-02-2024 - ൽ മറുപടിയ്ക്ക്**

**എടക്കര പോലീസ് സ്റ്റേഷൻ - കെട്ടിട നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി. വി. അൻവർ** | | **ശ്രീ. പിണറായി വിജയൻ (മുഖ്യമന്ത്രി)** | |
| (എ) | മലപ്പുറം ജില്ലയിലെ എടക്കരയിൽ സ്ഥിതി ചെയ്യുന്ന പോലീസ് സ്റ്റേഷൻ 60 വർഷത്തോളമായി വാടക കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നതെന്ന വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 27.05.1964-ലെ സ.ഉ (കൈ) നം. 238/1964/ആഭ്യന്തരം പ്രകാരമാണ് എടക്കര പോലീസ് സ്റ്റേഷന്റെ പ്രവർത്തനം ആരംഭിച്ചത്. നിലവിൽ 04.02.2005 ലെ സ.ഉ (സാധാ) നം. 328/2005/ആഭ്യന്തരം പ്രകാരം എടക്കര ഈസ്റ്റ് ഏറനാട് സഹകരണ ബാങ്കിന്റെ ഉടമസ്ഥതയിലുള്ള വാടക കെട്ടിടത്തിലാണ് പോലീസ് സ്റ്റേഷൻ നിലവിൽ പ്രവർത്തിച്ചു വരുന്നത്. |
| (ബി) | പ്രസ്തുത പോലീസ് സ്റ്റേഷൻ നിർമ്മിക്കുന്നതുമായി ബന്ധപ്പെട്ട് ഭൂമി തരം മാറ്റുന്നതിനുള്ള സംസ്ഥാനതല സമിതി അതിന്റെ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ അത് ലഭ്യമാക്കാമോ; | (ബി) | 03.03.2022 ൽ കൂടിയ സംസ്ഥാന തല സമിതിയിൽ വിഷയം പരിശോധിക്കുകയും സർക്കാരിൽ റിപ്പോർട്ട് സമർപ്പിക്കുകയുമുണ്ടായി. പ്രസ്തുത നടപടിക്കുറിപ്പിന്റെ പകർപ്പ് **അനുബന്ധം** ആയി ചേർത്തിട്ടുണ്ട്. |
| (സി) | 2008-ലെ കേരള നെൽവയൽ -തണ്ണീർത്തട സംരക്ഷണ ആക്റ്റ് വകുപ്പ് 27എ(8) പ്രകാരം വിജ്ഞാപനം ചെയ്യപ്പെടാത്ത ഭൂമി പൊതു ആവശ്യത്തിന് പരിവർത്തനപ്പെടുത്താൻ റവന്യൂ ഡിവിഷണൽ ഓഫീസർ സമർപ്പിച്ച റിപ്പോർട്ട് പരിശോധിച്ച് തിരുത്താൻ വകുപ്പ് 27എ(9) പ്രകാരം സർക്കാരിന് അധികാരമുണ്ടോ; എങ്കിൽ പ്രസ്തുത വകുപ്പ് പ്രകാരം മേൽപ്പറഞ്ഞ ഭൂമി പരിവർത്തനപ്പെടുത്തുന്ന കാര്യം സർക്കാർ പരിഗണിക്കുമോ; വിശദമാക്കാമോ; | (സി) | ഉണ്ട്. പ്രസ്തുത സ്ഥലം പരിവർത്തനപ്പെടുത്തുന്നത് പാരിസ്ഥിതിക വ്യവസ്ഥയെ ദോഷകരമായി ബാധിക്കുമെന്ന് റവന്യൂ ഡിവിഷണൽ ഓഫീസറുടെ റിപ്പോർട്ടിൽ നിന്നും ബോദ്ധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത നിലം പരിവർത്തനപ്പെടുത്താൻ സമർപ്പിച്ച അപേക്ഷ 04.12.2022 ലെ സ.ഉ(സാധാ) നം.1064/2022/ കൃഷി പ്രകാരം നിരസിച്ച് ഉത്തരവായിട്ടുണ്ട്. |
| (ഡി) | പൊതു ആവശ്യങ്ങൾക്ക് ഭൂമി പരിവർത്തനപ്പെടുത്താനുള്ള തീരുമാനമെടുക്കാൻ മന്ത്രിസഭാ യോഗത്തിന് കഴിയുന്നതാണോയെന്ന് അറിയിക്കാമോ; 2016 മുതൽ ഇതേ ആവശ്യത്തിന്മേൽ മന്ത്രിസഭാ യോഗം എത്ര തീരുമാനങ്ങളെടുത്തിട്ടുണ്ടെന്നും അറിയിക്കാമോ? | (ഡി) | അതെ. ലഭ്യമായ രേഖകളുടെ അടിസ്ഥാനത്തിൽ പരിശോധിച്ചതിൽ 13 എണ്ണത്തിൽ മന്ത്രിസഭാ യോഗം തീരുമാനമെടുത്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

E

അനുബന്ധം

**03.03.2022 തീയതിയിൽ രാവിലെ 10.30 മണിക്ക് ചേർന്ന 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിലെ വകുപ്പ് (8) പ്രകാരം രൂപീകരിച്ച സംസ്ഥാനതല സമിതി വീഡിയോ കോൺഫറൻസ് മുഖേന നടത്തിയ യോഗത്തിന്റെ നടപടിക്കുറിപ്പ്.**

**യോഗത്തിൽ പങ്കെടുത്തവർ**

1) **ശ്രീമതി. ഇഷിത റോയ് ഐ.എ.എസ്,**
**കാർഷികോല്പാദന കമ്മീഷണർ - കൺവീനർ**
2) **ശ്രീ.ബിജു.കെ ഐ.എ.എസ്,**
**ലാന്റ് റവന്യൂ കമ്മീഷണർ - മെമ്പർ**
3) **ഡോ.പി.ഒ.നമീർ, പാരിസ്ഥിതിക വിദഗ്ധൻ - മെമ്പർ**
4) **ഡോ. അനു ജി. കൃഷ്ണൻ, നെൽകൃഷി വിദഗ്ധ - മെമ്പർ**

2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിലെ സെക്ഷൻ (8) പ്രകാരം രൂപീകൃതമായ സംസ്ഥാനതല സമിതി മുൻപാകെ ലഭിച്ച 18 അപേക്ഷകൾ വിശദമായി പരിശോധിച്ചു അപേക്ഷകൾ പരിശോധിച്ചതിൽ അനവധി അപേക്ഷകളിൽ കൃഷി ഓഫീസർമാർ തരിശിട്ടിരിക്കുന്ന നെൽവയലുകൾ കൃഷി ചെയ്യിക്കുന്ന നടപടികൾ സ്വീകരിക്കാതെ നെൽകൃഷി ചെയ്യാവുന്ന പാടങ്ങൾ പരിവർത്തനാനുമതി യ്ക്കായി ശിപാർശ ചെയ്യുന്ന ഓഫീസർമാർക്കെതിരെ നടപടി കൈക്കൊള്ളുന്നതിന് സർക്കാരിലേയ്ക്ക് റിപ്പോർട്ടു ചെയ്യാൻ തീരുമാനിച്ചു. സമിതി മുൻപാകെ ലഭിച്ച 19 അപേക്ഷകളിൽ സൂചിപ്പിച്ച സ്ഥലത്തെ പാരിസ്ഥിതിക വ്യതിയാനങ്ങൾ സംബന്ധിച്ച് വിശദമായി ചർച്ച ചെയ്യുകയും, താഴെ പറയുന്ന തീരുമാന പ്രകാരം സർക്കാരിലേയ്ക്ക് റിപ്പോർട്ട് നൽകാൻ തീരുമാനിക്കുകയും ചെയ്തു.

**Case No.1**

തൃശ്ശൂർ ജില്ലയിൽ കൂർക്കഞ്ചേരി വില്ലേജിൽ 289/ പി - യി ൽ ഉൾപ്പെട്ട 0.4048 ഹെക്ടർ (01 Acre) മലിനജല സംസ്കരണ പ്ലാന്റ് സ്ഥാപിക്കുന്നതിനായി തൃശ്ശൂർ കോർപ്പറേഷൻ സെക്രട്ടറി

സമർപ്പിച്ച അപേക്ഷ പുനപരിശോധിക്കുകയുണ്ടായി. പ്രസ്തുത വിഷയം 16/07/2021 , 24/01/2022 എന്നീ തീയതിയിൽ സംസ്ഥാനതല സമിതി പരിശോധിക്കുകയും തണ്ണീർത്തട സ്വഭാവത്തിൽപ്പെട്ട ഭൂമി ആയതിനാൽ പരിവർത്തനപ്പെടുത്തിയാലുണ്ടാകുന്ന പാരിസ്ഥിതിക ആഘാതവും റിപ്പോർട്ടു ചെയ്തിരുന്നു. 27/01/2022-ൽ കൂടിയ River Rejuvenation Committee പ്രസ്തുത വിഷയം ചർച്ച ചെയ്യുകയും, ടി സ്ഥലം തണ്ണീർത്തടം അല്ലാ എന്ന് താഴ്ന്ന കിടക്കുന്ന പ്രദേശമായതിനാൽ മലിനജലം കെട്ടിക്കിടക്കുന്നതാണെന്നും, തൃശ്ശൂർ കോർപ്പറേഷൻ സെക്രട്ടറിയുടെ അഭിപ്രായത്തിന്മേൽ, വിശദമായ കത്തു നൽകാൻ ചീഫ് സെക്രട്ടറി നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിൽ സമിതി മുമ്പാകെ ലഭിച്ച കത്ത് വിശദമായി പരിശോധിച്ചു പ്രസ്തുത പദ്ധതി സംബന്ധിച്ച് തൃശ്ശൂർ കോർപ്പറേഷൻ സെക്രട്ടറി Power Point Presentation (PPT) അവതരിപ്പിക്കുകയും, കോർപ്പറേഷൻ സെക്രട്ടറി അവതരിപ്പിച്ച് Power Point Presentation (PPT) യിൽ ഉൾക്കൊള്ളിച്ച ഫോട്ടോ, വീഡിയോ പ്രകാരം പ്രസ്തുത സ്ഥലം കോൾ നിലങ്ങളുടെ ഭാഗമാണെന്നും ബോദ്ധ്യപ്പെട്ടു. ഇത്തരത്തിൽ പാരിസ്ഥിതിക പ്രാധാന്യമുള്ള സ്ഥലങ്ങൾ പരിവർത്തനപ്പെടുത്തിയാൽ ഉണ്ടാകുന്ന ഭവിഷത്തുകൾ സമിതി വിശദീകരിക്കുകയും, ടി സ്ഥലം പരിവർത്തനപ്പെടുത്തിയാൽ ടി പ്രദേശത്തെ പാരിസ്ഥിതിക സന്തുലിതാവസ്ഥയെ തകിടം മറിയ്ക്കുകയും സ്വാഭാവിക നീരൊഴുക്കിനെ പ്രതികൂലമായി ബാധിക്കും. കൂടാതെ പ്രിൻസിപ്പൽ കൃഷി ഓഫീസറുടെ റിപ്പോർട്ട് പ്രകാരം ടി ഭൂമി തണ്ണീർത്തടത്തിൽ ഉൾപ്പെടേണ്ട ഭൂമിയുമാണ്. തണ്ണീർത്തടം സ്വഭാവത്തിൽ ഉൾപ്പെട്ട സ്ഥലം പരിവർത്തനപ്പെടുത്തിയാൽ ടി പ്രദേശത്തെ പാരിസ്ഥിതിക സന്തുലിതാവസ്ഥയെ തകിടം മറിയ്ക്കുകയും സ്വാഭാവിക നീരൊഴുക്കിനെ പ്രതികൂലമായി ബാധിക്കുമെന്നതിനാൽ അപേക്ഷയിലെ ആവശ്യം നിരസിക്കാമെന്നുള്ള സമിതിയുടെ തീരുമാനം സർക്കാരിലേക്കു റിപ്പോർട്ട് ചെയ്യുവാൻ തീരുമാനിച്ചു

## Case 2

എറണാകുളം ജില്ലയിൽ ഐക്കരനാട് തെക്ക് വില്ലേജിൽ സർവ്വേ നമ്പർ 309/26, 309/12, 309/11 - ൽ ഉൾപ്പെട്ട 8.95 Ares സ്ഥലം രാമമംഗലം വില്ലേജുകളെ തമ്മിൽ ബന്ധിപ്പിച്ചു കൊണ്ട് മുവാറ്റുപുഴ ആറിന് കുറുകെ നിർമ്മിക്കുന്ന കോരൻ കടവ് പാലത്തിന്റെ ഐക്കാരനാട് വശത്തുള്ള അനുബന്ധ റോഡ് നിർമിക്കുന്നതിന് എക്സിക്യൂട്ടീവ് എഞ്ചിനീയർ, പൊതുമരാമത്ത് പാലങ്ങൾ വിഭാഗം,,എറണാകുളം സമർപ്പിച്ച അപേക്ഷ പരിശോധിച്ചു. ഐക്കരനാട് തെക്ക് രാമമംഗലം വില്ലേജുകളെ തമ്മിൽ ബന്ധിപ്പിച്ചു കൊണ്ട് മുവാറ്റുപുഴ ആറിന് കുറുകെ നിർമ്മിക്കുന്ന കോരൻ കടവ് പാലത്തിന്റെ ഐക്കരനാട് വശത്തുള്ള അനുബന്ധ റോഡ് നിർമ്മി ക്കുന്നതിന് പരിവർത്തനപ്പെടുത്തേണ്ട 8.95 Ares ഭൂമി നെൽകൃഷിക്ക് അനുയോജ്യമായ ഭൂമിയാണ്. Sy No.309/26 ൽ 4.6 Ares ഭൂമിയിൽ ഭൂരിഭാഗവും മണ്ണിട്ട് നികത്തി യിട്ടുണ്ട്. ബാക്കി സ്ഥലം ഇടക്കാല കൃഷി ആയ കപ്പ കൃഷി , ഇടയ്ക്കു വെള്ളക്കെട്ടുള്ള തരിശു നിലമെന്ന് റിപ്പോർട്ടു ചെയ്യുകയുണ്ടായി. പൊതുമരാമത്ത് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ അവതരിപ്പിച്ച Power Point Presentation (PPT) വിശദമായി പരിശോധിക്കുകയുണ്ടായി . പാലത്തിന്റെ പണി ഒരു മാസത്തിനകം പൂർത്തീകരിക്കുമെന്ന് അപ്രോച്ച് റോഡ് നിർമ്മാണത്തിന് 8.95 ആർസ് നിലമാണ് പരിവർത്തനപ്പെടുത്തേണ്ടത് എന്ന് അറിയിക്കുകയുണ്ടായി. സ്ഥലം സംബന്ധിച്ച രേഖകൾ സമിതി പരിശോധിച്ചപ്പോൾ നാളിതുവരെയായി സർക്കാർ ടി ഭൂമി ഏറ്റെടുത്തിട്ടില്ല എന്നും, നിലവിൽ സ്വകാര്യ വ്യക്തികളുടെ കയ്യിൽ ഇരിക്കുന്ന ഭൂമി പരിവർത്താനുമതി നൽകിയാൽ ടി ഭൂമി ഏറ്റെടുക്കുമ്പോൾ കരഭൂമിയുടെ വില നൽകേണ്ടി വരും. ഇതു സർക്കാരിന് അധിക ബാധ്യത ഉണ്ടാകുമെന്നും ലാന്റ് റവന്യൂ കമ്മീഷണർ അഭിപ്രായപ്പെട്ടു. ടി ഭൂമി ഏറ്റെടുത്തതിനുശേഷം മാത്രമേ പരിവർത്തനാനുമതി നൽകുന്ന വിഷയത്തിൽ തീരുമാനം കൈക്കൊള്ളാൻ സാധിക്കുകയുള്ളൂ എന്നുള്ള സമിതിയുടെ തീരുമാനം സർക്കാരിലേക്ക് റിപ്പോർട്ട് ചെയ്യാൻ തീരുമാനിച്ചു

**Case 3**

എറണാകുളം ജില്ലയിൽ നടമ വില്ലേജിൽ കൊച്ചി മെട്രോ റെയിൽ എസ്.എൻ. ജംഗ്ഷൻ മുതൽ തൃപ്പൂണിത്തുറ റെയിൽവേ സ്റ്റേഷൻ വരെ നീട്ടുന്നതിന് കൊച്ചി മെട്രോ റയിൽ ലിമിറ്റഡ് സമർപ്പിച്ച അപേക്ഷ വിശദമായി പരിശോധിച്ചു പ്രസ്തുത പദ്ധതിയെ സംബന്ധിച്ച് കൊച്ചി മെട്രോ റെയിൽ ലിമിറ്റഡിന്റെ പ്രതിനിധി അവതരിപ്പിച്ച Power Point Presentation (PPT) -ൽ ടി സ്ഥലം നികന്നു കിടക്കുന്നതും നിലമായും വർഷങ്ങളായി കൃഷി ചെയ്യാതെയും കായ്ഫലങ്ങളും, തെങ്ങുകളും, കവുങ്ങുകളും വൃക്ഷങ്ങളായിട്ടുള്ളതാണ്. റെയിൽവേയോട് ചേർന്ന് കിടക്കുന്ന ഭാഗമാണ് നിലമായി കാണപ്പെടുന്നത്. ഇവിടെ വർഷങ്ങളായിട്ട് നെൽകൃഷി ചെയ്ത് വരുന്നില്ലെന്നും , ഏകദേശം 35 വർഷം പ്രായമുള്ള തെങ്ങുകളും അടയ്ക്കാമരങ്ങളും നിലവിൽ ഉണ്ട്. ഇതിൽ സർവ്വെ നമ്പർ 1239/1, 1243/2, 1329/2, 1330/2, 1350/2, 1351/2, 1353/2, 1354/2, 1360/1, 1362/1 എന്നിവ ഡാറ്റാ ബാങ്കിൽ നിലമായി രേഖപ്പെടുത്തിയിരിക്കുന്നു. അപേക്ഷയിലെ ആവശ്യം പൊതു ആവശ്യമായതിനാൽ പരിവർത്തനപ്പെടുത്തൽ മൂലമുണ്ടാകുന്ന പാരിസ്ഥിതിക ആഘാതം കുറയ്ക്കുന്നതിനുള്ള നടപടി , ആവശ്യമായ ജല സംരക്ഷണം ഉറപ്പുവരുത്തുന്നതിനുള്ള നടപടികൾ വിശദീകരിച്ചുകൊണ്ടുള്ള റിപ്പോർട്ട് ലഭ്യമായതിനുശേഷം നീരൊഴുക്ക് തടസപ്പെടുത്തുന്നില്ല എന്ന് ഉറപ്പ് വരുത്തിയതിനുശേഷം പരിവർത്തനാനുമതി നൽകാമെന്നുള്ള ശിപാർശ സർക്കാരിലേയ്ക്ക് റിപ്പോർട്ട് ചെയ്യാൻ തീരുമാനിച്ചു

**Case No.04**

എറണാകുളം ജില്ലയിൽ പുത്തൻകുരിശ്ശ് വില്ലേജിൽ (ബ്ലോക്ക്-37) - ൽ ഉൾപ്പെട്ട 6.3850 ഹെക്ടർ നിലം പരിവർത്തനപ്പെടുത്തി ബ്രഹ്മപുരത്തുള്ള ' വേസ്റ്റ് ടു എനർജി ' പ്രോജക്റ്റിന്റെ നിർമ്മാണത്തിനായി കൊച്ചി മുനിസിപ്പൽ കോർപ്പറേഷൻ സെക്രട്ടറി സംസ്ഥാനതല സമിതി മുമ്പാകെ അപേക്ഷ വിശദമായി പരിശോധിച്ചു പ്രസ്തുത വിഷയത്തിൽ Power Point Presentation

(PPT) നടത്താനും പാരിസ്ഥിതിക ആഘാതങ്ങൾ സംബന്ധിച്ചും ഭൂമിയെ സംബന്ധിച്ചും വിശദമായ റിപ്പോർട്ട്, Photograph, videoclip സഹിതം 19/03/2022 തീയ്യതിയിൽ കൂടുന്ന സംസ്ഥാനതല സമിതിയിൽ presentation നടത്താൻ പ്രാദേശികതല നിരീക്ഷണ സമിതി കൺവീനർ, കൊച്ചി നഗരസഭാ സെക്രട്ടറി എന്നിവർക്ക് നിർദേശം നല്കാൻ സമിതി തീരുമാനിച്ചു

## Case no.05

തിരുവനന്തപുരം ജില്ലയിൽ വെയിലൂർ വില്ലേജിൽ ടെക്നോ പാർക്കിന്റെ മൂന്നാം ഘട്ട വികസനത്തിനായി തിരുവനന്തപുരം വെയിലൂർ വില്ലേജിൽ ടെക്നോപാർക്കിന്റെ 38 ഏക്കർ സ്ഥലം പരിവർത്തനപ്പെടുത്താൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ടെക്നോപാർക്ക് സമർപ്പിച്ച അപേക്ഷ വിശദമായി പരിശോധിച്ചു ടി സ്ഥലം 2008-ന് മുമ്പ് നികത്തപ്പെട്ടതും 20 മുതൽ 25 വർഷം വരെ പ്രായമുള്ള തെങ്ങുകളും മറ്റ് മരങ്ങളും നിലവിലുണ്ടെങ്കിലും വെള്ളക്കെട്ടും, നീർച്ചാലുകളും ഉള്ള ഭൂമിയാണ്.പ്രസ്തുത പദ്ധതി സംസ്ഥാനത്തിന് ആവശ്യമായതിനാലും ടെക്നോപാർക് വികസനം നിലവിലുള്ള നീർച്ചാലുകളും നീരൊഴുക്കും സംരക്ഷിക്കപ്പെടേണ്ടതുണ്ട്. പ്രസ്തുത വിഷയത്തിൽ Power Point Presentation (PPT) നടത്താനും ഭൂമിയുടെ ഉടമസ്ഥാവകാശം സംബന്ധിച്ചും വിശദമായ റിപ്പോർട്ട്, Photograph, videoclip സഹിതം 19/03/2022 തീയ്യതിയിൽ കൂടുന്ന സംസ്ഥാനതല സമിതിയിൽ Presentation നടത്താൻ പ്രാദേശികതല നിരീക്ഷണ സമിതി കൺവീനർ, ടെക്നോ പാർക്ക് CEO എന്നിവർക്ക് നിർദേശം നല്കാൻ സമിതി തീരുമാനിച്ചു.

## Case 06

തിരുവനന്തപുരം ജില്ലയിൽ പള്ളിപ്പുറം, അണ്ടൂർക്കോണം- വില്ലേജിൽ ടെക്നോ പാർക്കിന്റെ മൂന്നാം ഘട്ട വികസനത്തിനായി തിരുവനന്തപുരം 190 ഏക്കർ പള്ളിപ്പുറം വില്ലേജിലും, 113 ഏക്കർ അണ്ടൂർ ക്കോണം വില്ലേജിലും നിലം പരിവർത്തനപ്പെടുത്താൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ,

ടെക്നോപാർക്ക് സമർപ്പിച്ച അപേക്ഷ വിശദമായി പരിശോധിച്ചു ടെക്നോപാർക് വികസനം നിലവിലുള്ള നീർച്ചാലുകളും നീരൊഴുക്കും സംരക്ഷിക്കപ്പെടേണ്ടതുണ്ട്. പ്രസ്തുത വിഷയത്തിൽ Power Point Presentation (PPT) നടത്താനും ഭൂമിയുടെ ഉടമസ്ഥാവകാശം സംബന്ധിച്ചും വിശദമായ റിപ്പോർട്ട്, Photograph, videoclip സഹിതം 19/03/2022 തീയതിയിൽ കൂടുന്ന സംസ്ഥാനതല സമിതിയിൽ presentation നടത്താൻ പ്രാദേശികതല നിരീക്ഷണ സമിതി കൺവീനർ, ടെക്നോ പാർക്ക് CEO എന്നിവർക്ക് നിർദേശം നല്കാൻ സമിതി തീരുമാനിച്ചു.

## Case 7

മലപ്പുറം ജില്ലയിൽ എടക്കര പൊലീസ് സ്റ്റേഷൻ നിർമ്മാണത്തിനായി നിലം പരിവർത്തനപ്പെടുത്തുന്നതിന് മലപ്പുറം ജില്ലാ പൊലീസ് മേധാവി നിലം പരിവർത്തനപ്പെടുത്താൻ സമർപ്പിച്ച അപേക്ഷ വിശദമായി പരിശോധിച്ചു ഡാറ്റാ ബാങ്കിൽ ഉൾപ്പെട്ടിട്ടില്ലാത്തതിനാലും ടി ഭൂമിയിൽ മണ്ണിട്ട് നികത്തുന്നത് മൂലം മറ്റ് പാരിസ്ഥിതിക പ്രശ്നങ്ങളോ നീരൊഴുക്കിന് തടസ്സങ്ങളോ ഉണ്ടാവില്ല. എന്നുള്ള കൃഷി ഓഫീസറുടെ റിപ്പോർട്ട് പരിശോധിച്ചു പ്രസ്തുത ഭൂമിയുടെ ഉടമസ്ഥാവകാശം റവന്യൂ വകുപ്പിൽ ആയതിനാലും ടി ആവശ്യത്തിലേയ്ക്ക് മറ്റു ഭൂമി ഇല്ലാത്തതിനാൽ പരിസ്ഥിതിയെ ദോഷകരമായി ബാധിക്കാത്തതിനാൽ എടക്കര വില്ലേജിൽ Sy. No. 1065/6 -ൽ ഉൾപ്പെട്ട 0.1619 ഹെക്ടർ നിലം പരിവർത്തനാനുമതി നൽകാവുന്നതാണെന്ന് സമിതിയുടെ ശുപാർശ സർക്കാരിലേയ്ക്ക് റിപ്പോർട്ട് ചെയ്യാൻ സമിതി തീരുമാനിച്ചു

## Case 8

ആലപ്പുഴ ജില്ലയിൽ കൈനകരി -I വില്ലേജിൽ കാർഷികാഭിവൃദ്ധിയും യാത്രാ സൗകര്യത്തിനും വേണ്ടി പൊങ്ങ പാടശേഖരം സെക്രട്ടറി സമർപ്പിച്ച അപേക്ഷ വിശദമായി പരിശോധിച്ചു നെടുമുടി ഗ്രാമപഞ്ചായത്തിലെ പൊങ്ങ പാടശേഖരം 144 ഹെക്ടർ വിസ്തൃതിയുള്ളതും

വർഷത്തിൽ രണ്ട് കൃഷി വീതം ചെയ്യുന്ന പാടശേഖരവുമാണ്. ടി പാടശേഖരം കൈനകരി വില്ലേജിൽ ബ്ലോക്ക് നമ്പർ 09 ൽപ്പെട്ടതും പൊങ്ങ പാടശേഖരത്തിൽ ഉൾപ്പെട്ടുവരുന്നതുമായ പൊതു റോഡ് പുനർനിർമ്മിക്കുന്നതിന് വേണ്ടിയാണ്. പ്രസ്തുത അപേക്ഷയിൽ ഉൾക്കൊള്ളിച്ച ഫോട്ടോ പരിശോധിച്ചപ്പോൾ നെൽവയലിന്റെ അരികിലൂടെ ആണ് പ്രസ്തുത റോഡ് കടന്നു പോകുന്നത്. നെൽ പാടത്തുകൂടെ ഉള്ള റോഡ് കൃഷിയെ സാരമായി ബാധിക്കും. നിലവിലുള്ള റോഡ് വീതി കൂട്ടുന്നത് ഭാവിയിൽ മറ്റു നെൽവയലുകൾ പരിവർത്തനപ്പെടുത്താൻ സാധ്യതയുണ്ട്. ഇത്തരത്തിൽ ദീർഘ വീക്ഷണം ഇല്ലാതെ കൃഷി ഓഫീസർ അപേക്ഷകൾ ശുപാർശ ചെയ്യുന്നത് നിയമത്തിന്റെ അന്തസത്ത ഉൾക്കൊള്ളാതെ ആണെന്നും കൃഷി ഓഫീസറോട് ഇത് സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെടാൻ സമിതി തീരുമാനിച്ചു ടി അപേക്ഷ അനുവദിക്കേണ്ടതില്ല എന്നുള്ള സമിതിയുടെ തീരുമാനം സർക്കാരിലേക്ക് റിപ്പോർട്ട് ചെയ്യാൻ തീരുമാനിച്ചു .

## Case 09:

ആലപ്പുഴ ജില്ലയിൽ നെടുമുടി വില്ലേജിൽ 53.20 ആർ സ് നിലം പരിവർത്തനപ്പെടുത്തി കർഷകർക്ക് കൃഷി ഭൂമിയിലേയ്ക്ക് കൃഷി സാമഗ്രികളും കൃഷിയന്ത്രങ്ങളും കൊണ്ടു പോകുന്നതിന് നിലവിലുള്ള ബണ്ടിന്റെ വീതിയും ഉയരവും കൂട്ടുന്നതിന് വേണ്ടി RIDF -24 പദ്ധതിയിൽ ഉൾപ്പെടുത്തി ജില്ലാ മണ്ണ് സംരക്ഷണ ഓഫീസർ ചേർത്തല സമർപ്പിച്ച അപേക്ഷ സമിതി വിശദമായി പരിശോധിച്ചു നെടുമുടി കൃഷി ഭവൻ പരിധിയിൽവരുന്ന പുത്തൻകരി അറുനൂറ്റും പാടശേഖരം 108.6 ഹെക്ടർ വരുന്ന പാടശേഖരമാണ്. ഒരു വർഷത്തിൽ രണ്ട് സീസണിലും നെൽകൃഷി ചെയ്തു വരുന്നു. ടി പാടത്തിന്റെ മോട്ടാർ ചാലിന്റെ വരമ്പ് വലുതാക്കി ട്രാക്ടർ റോഡ് നിർമ്മിക്കുന്നതിനാണ് അനുമതി തേടിയിട്ടുള്ളത്. ടി റോഡ് പാടത്തിന്റെ ഏകദേശം മദ്ധ്യഭാഗത്തു കൂടി കടന്നു പോകുന്നു. നെൽ പാടത്തുകൂടെ ഉള്ള റോഡ് കൃഷിയെ സാരമായി ബാധിക്കും. ഭാവിയിൽ മറ്റു നെൽവയലുകൾ പരിവർത്തനപ്പെടുത്താൻ സാധ്യതയുണ്ട്. ഇത്തരത്തിൽ ദീർഘ വീക്ഷണം

ഇല്ലാതെ കൃഷി ഓഫീസർ അപേക്ഷകൾ ശുപാർശ ചെയ്യുന്നത് നിയമത്തിന്റെ അന്തസത്ത ഉൾക്കൊള്ളാതെ ആണെന്നും ജില്ലാ മണ്ണ് സംരക്ഷണ ഓഫീസറോട് ഇത് സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെടാൻ സമിതി തീരുമാനിച്ചു RIDF-24 പദ്ധതിയിൽ നിന്ന് പ്രസ്തുത പ്രവർത്തി ഒഴിവാക്കേണ്ടതാണെന്നും അപേക്ഷയിലെ ആവശ്യം അനുവദിക്കേണ്ടതില്ല എന്നുള്ള സമിതിയുടെ തീരുമാനം സർക്കാരിലേക്ക് റിപ്പോർട്ട് ചെയ്യാൻ തീരുമാനിച്ചു .

**Case 10:**

കോട്ടയം ജില്ലയിൽ വടയാർ വില്ലേജിൽ 126.738 സെന്റ് പരിവർത്തനപ്പെടുത്തി കർഷകർക്ക് കൃഷി ഭൂമിയിലേയ്ക്ക് കാർഷിക സാമഗ്രഹികളും കൃഷിയന്ത്രങ്ങളും കൊണ്ടുപോകുന്നതിനുള്ള ഫാം റോഡ് നിർമ്മാണത്തിനായി പാലാ മണ്ണ് സംരക്ഷണ ഓഫീസർ സമർപ്പിച്ച അപേക്ഷ വിശദമായി പരിശോധിച്ചു തലയോലപ്പറമ്പ് ഗ്രാമപഞ്ചായത്തിലെ വടയാർ വില്ലേജിൽപ്പെട്ട ആലങ്കേരി പാടശേഖരത്തിൽ ഒരു ഫാം റോഡ് നിർമ്മിക്കുന്നതിനു ടി പാടശേഖരത്തിലെ 121/1,122/1,123/1,124/1 എന്നീ സർവ്വേ നമ്പരുകളിലായി 126.738 സെന്റ് നിലം നികത്തുന്നതിനായി മണ്ണ് സംരക്ഷണ ഓഫീസർ, പാലാ സമർപ്പിച്ച അപേക്ഷയിന്മേൽ നെൽ പാടത്തുകൂടെ ഉള്ള റോഡ് കൃഷിയെ സാരമായി ബാധിക്കും. ഭാവിയിൽ മറ്റു നെൽവയലുകൾ പരിവർത്തനപ്പെടുത്താൻ സാധ്യതയുണ്ട്. ഇത്തരത്തിൽ ദീർഘ വീക്ഷണം ഇല്ലാതെ കൃഷി ഓഫീസർ അപേക്ഷകൾ ശുപാർശ ചെയ്യുന്നത് നിയമത്തിന്റെ അന്തസത്ത ഉൾക്കൊള്ളാതെ ആണെന്നും ജില്ലാ മണ്ണ് സംരക്ഷണ ഓഫീസറോട് ഇത് സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെടാൻ സമിതി തീരുമാനിച്ചു RIDF-24 ദ്ധതിയിൽ നിന്ന് പ്രസ്തുത പ്രവർത്തി ഒഴിവാക്കേണ്ടതാണെന്നും അപേക്ഷയിലെ ആവശ്യം അനുവദിക്കേണ്ടതില്ല എന്നുമുള്ള സമിതിയുടെ തീരുമാനം സർക്കാരിലേക്ക് റിപ്പോർട്ട് ചെയ്യാൻ തീരുമാനിച്ചു .

**Case 11**

കോഴിക്കോട് ജില്ലയിൽ അരിക്കുളം വില്ലേജിൽ 77/1 -ൽ ഉൾപ്പെട്ട 1.28 ആർസ് നിലം നടപ്പാത വീതികൂട്ടലിനു വേണ്ടി അരിക്കുളം പഞ്ചായത്ത് സെക്രട്ടറി സമർപ്പിച്ച അപേക്ഷ സമിതി വിശദമായി പരിശോധിച്ചു ടി ഭൂമിയിൽ പരിവർത്തനം ചെയ്യുന്നത് കൊണ്ട് യാതൊരുവിധ പാരിസ്ഥിതിക പ്രശ്നങ്ങൾ ഉണ്ടാകുന്നതിനോ മറ്റു ഭൂമികളിലോട്ടുള്ള നീരൊഴുക്ക് തടസ്സം സൃഷ്ടിക്കുന്നതിനോ സാധ്യത ഇല്ല. ടി ഭൂമിയിലോ , അതിന് ചുറ്റുമുള്ള ഭൂമികളിലോ നിലവിൽ

നെൽകൃഷി ഇല്ലാത്തതിനാൽ പൊതു ആവശ്യത്തിന് പരിവർത്തനാനുമതി നൽകാവുന്നതാണ് . പ്രസ്തുത നിലം നിലവിൽ നെൽകൃഷി ചെയ്തു വരുന്ന വയലാണ്. നെൽ പാടത്തുകൂടെ ഉള്ള റോഡ് വീതികൂട്ടുന്നത് ഭാവിയിൽ മറ്റു നെൽവയലുകൾ പരിവർത്തനപ്പെടുത്താൻ സാധ്യതയുണ്ട്. ഇത്തരത്തിൽ ദീർഘ വീക്ഷണം ഇല്ലാതെ കൃഷി ഓഫീസർ അപേക്ഷകൾ ശുപാർശ ചെയ്യുന്നത് നിയമത്തിന്റെ അന്തസത്ത ഉൾക്കൊള്ളാതെ ആണെന്നും അപേക്ഷയിലെ ആവശ്യം അനുവദിക്കേണ്ടതില്ല എന്നനുള്ള സമിതിയുടെ തീരുമാനം സർക്കാരിലേക്ക് റിപ്പോർട്ട് ചെയ്യാൻ തീരുമാനിച്ചു .

**Case 12**

എറണാകുളം ജില്ലയിൽ ഉദയം പേരൂർ ഗ്രാമപഞ്ചായത്തിൽ 20 വാർഡുകളിൽ നിന്നും ഹരിതകർമ്മ സേന ശേഖരിക്കുന്ന പ്ലാസ്റ്റിക് മാലിന്യങ്ങൾ തരം തിരിക്കുന്നതിനുള്ള മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റി സെന്റർ നിർമ്മിക്കുന്നതിന് മണക്കുന്നം വില്ലേജിൽ സർവ്വേ നമ്പർ 416/4, 416/5 – ൽ ഉൾപ്പെട്ട 20 സെന്റ് സ്ഥലം പരിവർത്തനാനുമതിയ്ക്കായി സമർപ്പിച്ച അപേക്ഷ, ഗ്രാമപഞ്ചായത്ത് സെക്രട്ടറി അവതരിപ്പിച്ച Power Point Presentation എന്നവ സമിതി വിശദമായി പരിശോധിക്കുകയുണ്ടായി. ടി വിഷയത്തിൽ കൃഷി ഓഫീസർ നൽകിയ റിപ്പോർട്ടു പ്രകാരം ഡാറ്റാ ബാങ്കിൽ ഉൾപ്പെട്ട ഭൂമി നിലവിൽ നെൽകൃഷി ചെയ്യുന്നില്ല എന്ന് റിപ്പോർട്ടു ചെയ്യുകയുണ്ടായി . നെൽകൃഷി ചെയ്യാതെ ഭൂമി തരിശിട്ടിരിക്കുന്നു എന്ന കാരണത്താൽ കൃഷി ഓഫീസർ ഇത്തരത്തിൽ ദീർഘ വീക്ഷണം ഇല്ലാതെ അപേക്ഷകൾ ശുപാർശ ചെയ്യുന്നത് നിയമത്തിന്റെ അന്തസത്ത ഉൾക്കൊള്ളാതെ ആണെന്നും ഇത് സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെടാൻ സമിതി തീരുമാനിച്ചു അപേക്ഷയിലെ ആവശ്യം അനുവദിക്കേണ്ടതില്ലാ എന്നും ടി ആവശ്യത്തിലേയ്ക്ക് മറ്റു കരഭൂമി കണ്ടെത്തേണ്ടതാണ് എന്നുമുള്ള സമിതിയുടെ തീരുമാനം സർക്കാരിലേക്ക് റിപ്പോർട്ട് ചെയ്യാൻ തീരുമാനിച്ചു .

**Case 13**

കോഴിക്കോട് ജില്ലയിൽ പുതുപ്പാടി ഗ്രാമപഞ്ചായത്തിൽ ഈങ്ങാപ്പുഴ വില്ലേജിൽ 27/27, 27/28,27/29,27/30,27/31, 27/32 വരെ ഉള്ള സർവ്വേ നമ്പറിൽ ഉൾപ്പെട്ട 1.71 ഏക്കർ നിലം പരിവർത്തനപ്പെടുത്തി നീന്തൽക്കുളം, ലൈഫ് ഭവന പദ്ധതി , ഖരമാലിന്യ സംസ്കരണം, കളി സ്ഥലം എന്നിവ നിർമ്മിക്കുന്നതിന് സമർപ്പിച്ച അപേക്ഷ, പഞ്ചായത്ത് സെക്രട്ടറി അവതരിപ്പിച്ച PPT എന്നിവ വിശദമായി പരിശോധിച്ചു പരിശോധനയിൽ സ്ഥലത്തിന്റെ അതിർത്തിയിലൂടെ തോട് ഒഴുകുന്നതായി ബോധ്യപ്പെട്ടു. പ്രസ്തുത സ്ഥലം പരിവർത്തപ്പെടുത്തിയാൽ പാരിസ്ഥിതിക വ്യവസ്ഥയെ ദോഷകരമായി ബാധിക്കുമെന്ന്

ബോദ്ധ്യപ്പെട്ടതിനാൽ അപേക്ഷയിലെ ആവശ്യം പരിഗണിക്കേണ്ടതില്ലാ എന്നും പ്രസ്തുത സ്ഥലത്ത് കൃഷി ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്നും പ്രസ്തുത ആവശ്യത്തിലേയ്ക്ക് മറ്റ് ഒരു കരഭൂമി കണ്ടെത്തേണ്ടതാണ് എന്നും സമിതി തീരുമാനിച്ചു പരിവർത്തനപ്പെടുത്തിയാൽ ഉണ്ടാകുന്ന പാരിസ്ഥിതിക ആഘാതം ഉൾക്കൊള്ളാതെ പ്രസ്തുത അപേക്ഷാ ശിപാർശ ചെയ്തത് സംബന്ധിച്ച് കൃഷി ഓഫീസർ വിശദീകരണം ആവശ്യപ്പെടാൻ സമിതി തീരുമാനിച്ചു അപേക്ഷയിലെ ആവശ്യം അനുവദിക്കേണ്ടതില്ലാ എന്നും ടി ആവശ്യത്തിലയ്ക്ക മറ്റു കരഭൂമി കണ്ടെത്തേണ്ടതാണ് എന്നുമുള്ള സമിതിയുടെ തീരുമാനം സർക്കാരിലേക്ക് റിപ്പോർട്ട് ചെയ്യാൻ തീരുമാനിച്ചു .

## Case 14

ആലപ്പുഴ ജില്ലയിൽ കലവൂർ വില്ലേജിൽ കൊറ്റാട്ടു പാടം റോഡ് നിർമ്മാണത്തിനായി സമർപ്പിച്ച അപേക്ഷയിൽ വ്യക്തത ഇല്ലാത്തതിനാൽ ഈ പ്രസ്തുത അപേക്ഷ മാറ്റിവയ്ക്കാൻ തീരുമാനിച്ചു

## Case 15

ആലപ്പുഴ ജില്ലയിൽ ചെങ്ങന്നൂർ വില്ലേജിൽ സർവ്വേ നം. 305/1, 305/5, 304/12-11.42.11 ആർസ് നിലം പരിവർത്തനപ്പെടുത്തി മുൻസിപ്പൽ ഓഫീസ് സ്ഥാപനംനിർമ്മിക്കുന്നതിന് മുൻസിപ്പൽ സെക്രട്ടറി സമർപ്പിച്ച അപേക്ഷ സമിതി വിശദമായി പരിശോധിച്ചു. അപേക്ഷയ്ക്ക് ആസ്പദമായ സ്ഥലം പരിശോധന നടത്തിയതിൽ ടി നിലം നികത്തു ഭൂമിയായി കാണപ്പെടുന്നതും ടി സ്ഥലത്ത് ജല ആഗമന നിർഗ്ഗമന സൗകര്യം ലഭ്യമല്ലാത്തതിനാൽ നെൽകൃഷിയ്ക്ക് ഉപയുക്തമല്ലാതായി തീർന്നിരിക്കുന്നു എന്ന് കൃഷി ഓഫീസർ റിപ്പോർട്ടു ചെയ്തു. പ്രസ്തുത വിഷയത്തിൽ Power Point Presentation (PPT) നടത്താനും പാരിസ്ഥിതിക ആഘാതങ്ങൾ സംബന്ധിച്ചും ഭൂമിയെ സംബന്ധിച്ചും വിശദമായ റിപ്പോർട്ട്, Photograph, videoclip സഹിതം 19/03/2022 തീയ്യതിയിൽ കൂടുന്ന സംസ്ഥാനതല സമിതിയിൽ presentation നടത്താൻ പ്രാദേശികതല നിരീക്ഷണ സമിതി കൺവീനർ, ചെങ്ങന്നൂർ മുൻസിപ്പൽ സെക്രട്ടറി എന്നിവർക്ക് നിർദേശം നല്കാൻ സമിതി തീരുമാനിച്ചു .

## Case 16

എറണാകുളം ജില്ലയിൽ ഉറവൂർ വില്ലേജിൽ സർവ്വേ നം. 231/6-2, 7/1 – ൽ ഉൾപ്പെട്ട 3.59 ആർസ് നിലം ഉറവൂർ പഞ്ചായത്ത് വാർഡ് 2 വാതക്കാട് എസ്.സി കോളനി റോഡ് നിർമ്മാണം സംബന്ധിച്ച് സമർപ്പിച്ച അപേക്ഷ വിശദമായി പരിശോധിച്ചു. വാതക്കാട് പട്ടികജാതി കോളനിയിലേയ്ക്കുള്ള റോഡ് നിർമ്മാണവുമായി ബന്ധപ്പെട്ട് ആലുവ താലൂക്ക് ഉറവൂർ വില്ലേജ്

ബ്ലോക്ക് 14-ൽ പ്പെട്ട സർവ്വേ നം. 231/6-2, 7-1 വിസ്തീർണ്ണം 3.59 ആർസ് നിലം പരിവർത്തനപ്പെടുത്തി തുറവൂർ ഗ്രാമപഞ്ചായത്തിലെ വാർഡ് 2-ൽ നരിക്കുഴി പാടത്ത്, ബ്ലോക്ക് 14-ൽ 231 സർവ്വേ നമ്പർ 2011-2012 കാലഘട്ടത്തിൽ വീട് നിർമ്മിച്ച് നൽകിയിട്ടുണ്ട്. തുറവൂർ ഗ്രാമപഞ്ചായത്തിലെ ആസ്തി രജിസ്റ്റർ പ്രകാരം 0.348 കിലോമീറ്റർ നീളവും 4 മീറ്റർ വീതിയും ഉള്ള Road എന്ന് രേഖപ്പെടുത്തിയിട്ടുള്ളതുമാണ്. ഈ റോഡ് വന്നവസാനിക്കുന്നത് 2 മീറ്റർ വീതിയിലാണ്. ഇവിടം എക്കൽ സ്വഭാവമുള്ള മണ്ണോടുകൂടിയ നിലമായി തന്നെ തുടരുന്നു മഴക്കാലുത്തും തൊട്ടടുത്തുള്ള കനാലിൽ വെള്ളം വിടുമ്പോഴും ഇവിടെ വെള്ളക്കെട്ട് ഉണ്ടാകാറുണ്ട്. ടി സർവ്വേ നമ്പറുകളിലുള്ള റോഡ് നിർമ്മാണം വെള്ളക്കെട്ട് പോലുള്ള പരിസ്ഥിതി പ്രശ്നങ്ങൾ ഉണ്ടാക്കുവാനുള്ള സാധ്യത ഉള്ളതിനാൽ അപേക്ഷയിലെ ആവശ്യം പരിഗണിക്കേണ്ടതില്ലാ എന്നുള്ള സമിതിയുടെ തീരുമാനം സർക്കാരിലേയ്ക്ക് റിപ്പോർട്ട് ചെയ്യാൻ തീരുമാനിച്ചു

## Case 17

എറണാകുളം ജില്ലയിൽ മഞ്ഞപ്ര വില്ലേജിൽ സർവ്വേ നം. 328/4/3-ൽപ്പെട്ട 4.05 ആർസ് നിലം പരിവർത്തനപ്പെടുത്താൻ സമർപ്പിച്ച അപേക്ഷ വിശദമായി പരിശോധിച്ചു. പ്രസ്തുത വിഷയത്തിൽ Power Point Presentation (PPT) നടത്താനും പാരിസ്ഥിതിക ആഘാതങ്ങൾ സംബന്ധിച്ചും ഭൂമിയെ സംബന്ധിച്ചും വിശദമായ റിപ്പോർട്ട്, Photograph, videoclip സഹിതം 19/03/2022 തീയ്യതിയിൽ കൂടുന്ന സംസ്ഥാനതല സമിതിയിൽ presentation നടത്താൻ പ്രാദേശികതല നിരീക്ഷണ സമിതി കൺവീനർ, പഞ്ചായത്ത് സെക്രട്ടറിയ്ക്ക് എന്നിവർക്ക് നിർദേശം നല്കാൻ സമിതി തീരുമാനിച്ചു.

## Case 18

മലപ്പുറം ജില്ലയിൽ കുറുവ വില്ലേജിൽ സർവ്വേ നം. 19/01 -ൽ 13.5 സെന്റ് നിലം നികത്ത് റോഡ് സൈഡ് കെട്ടുന്നതിന് കുറുവ ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമർപ്പിച്ച അപേക്ഷ വിശദമായി പരിശോധിച്ചു സർവ്വേ നം.19/01 പ്രകാരമുള്ള ടി ഭൂമി നെൽവയലിനോട് ചേർന്നുള്ളതാണ്. PPT പരിശോധിച്ചതിൽ കോൺക്രീറ്റ് റോഡ് നെൽ പാടത്തുകൂടെ ഉള്ള റോഡ് നിർമ്മിക്കുന്നത് ഭാവിയിൽ മറ്റു നെൽവയലുകൾ പരിവർത്തനപ്പെടുത്താൻ സാധ്യതയുണ്ട്. പരിവർത്തനപ്പെടുത്തൽ പാരിസ്ഥിതിക വ്യവസ്ഥയെ ദോഷകരമായി ബാധിക്കുമെന്നതിനാൽ അപേക്ഷയിലെ ആവശ്യം അനുവദിക്കേണ്ടതില്ല എന്നുള്ള സമിതിയുടെ തീരുമാനം സർക്കാരിലേക്ക് റിപ്പോർട്ട് ചെയ്യാൻ തീരുമാനിച്ചു.

## Case 19

ആലപ്പുഴ ജില്ലയിൽ തുറവൂർ തെക്ക് വില്ലേജിൽ ഉൾപ്പെട്ട സർവ്വേ നമ്പർ 272/1A , 272/2, 276/4 5.36 ആർസ് നിലം അറക്കേപ്പറമ്പിൽ പുന്നക്കൽ റോഡ് നിർമ്മാണത്തിന് ടി സ്ഥലം പരിവർത്തനപ്പെടുത്താൻ സമർപ്പിച്ച അപേക്ഷ വിശദമായി പരിശോധിച്ചു പ്രസ്തുത വിഷയത്തിൽ

Power Point Presentation (PPT) നടത്താനും പാരിസ്ഥിതിക ആഘാതങ്ങൾ സംബന്ധിച്ചും ഭൂമിയെ സംബന്ധിച്ചും വിശദമായ റിപ്പോർട്ട്, Photograph, videoclip സഹിതം 19/03/2022 തീയ്യതിയിൽ കൂടുന്ന സംസ്ഥാനതല സമിതിയിൽ presentation നടത്താൻ പ്രാദേശികതല നിരീക്ഷണ സമിതി കൺവീനർ, ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയ്ക്ക് എന്നിവർക്ക് നിർദേശം നല്കാൻ സമിതി തീരുമാനിച്ചു.

Sd/-

**ശ്രീമതി. ഇഷിത റോയ്. ഐ.എ.എസ്.**
**കാർഷികോല്പാദന കമ്മീഷണർ**

Sd/-

**ശ്രീ.ബിജു കെ ഐ.എ.എസ് .**
**ലാന്റ് റവന്യൂ കമ്മീഷണർ**

Sd/-

**ഡോ .പി.ഒ.നമീർ,**
**പാരിസ്ഥിതിക വിദഗ്ധൻ**

Sd/-

**ഡോ. അനു ജി.കൃഷ്ണൻ**
**നെൽ കൃഷിവിദഗ്ദ**

സെക്ഷൻ ഓഫീസർ.